Page 1 of 2

(ബി) ഈ പദ്ധതിയനുസരിച്ച് എന്തെല്ലാം കർമ്മ പരിപാടികളാണ് ഈ ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി മരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) കേരള പവർ ഇംപ്രൂവ്മെന്റ് സ്കീം പ്രകാരം മുൻസർക്കാരിന്റെ കാലത്ത് താഴെ പറയുന്ന പ്രവർത്തനങ്ങളാണ് ഊർജ്ജരംഗത്ത് നടപ്പിലാക്കിയത്.

പുതിയ 11 കെ.വി. ലൈൻ	43.161 KM പൂർത്തികരിച്ചു
പഴയ 11 കെ.വി.ലൈൻ Re-conducting നടത്തിയത്	18.87 KM
പുതിയ ട്രാൻസ്ഫോർമർ	63 എണ്ണം സ്ഥാപിച്ചു
ട്രാൻസ്ഫോർമർ ശേഷി വർദ്ധിപ്പിച്ചത്	6 എണ്ണം
എൽ.റ്റി. ലൈൻ വലിച്ചത്	139.12 KM
മീറ്റർ മാറ്റി സ്ഥാപിച്ചത്	18611 എണ്ണം

ആകെ 1705.36 ലക്ഷം രൂപയുടെ ജോലി KPIS പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തികരിച്ചു.

(ബി) ടി പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള തുടർ നടപടികൾ പുരോഗമിക്കുന്നു.

(സി) ടി പദ്ധതിക്ക് 4579.21 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

പവർ സ്റ്റേഷനുകൾ

72 (5533) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം ഹൈഡ്രോ ഇലക്ട്രിക് പവർ സ്റ്റേഷനുകളുടെയും തെർമൽ പവർ സ്റ്റേഷനുകളുടെയും പ്രൊപ്പോസലുകളാണ് സർക്കാരിന്റെ പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ;

(ബി) ഇവയിൽ ഏതെങ്കിലും പവർ സ്റ്റേഷനുകൾ ഉടൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) താഴെ പറയുന്ന ജലവൈദ്യുത പദ്ധതികൾ അവയ്ക്ക് ആവശ്യമായ ഭൂമി ലഭ്യമാക്കുന്ന മുറയ്ക്ക് ടെണ്ടർ ക്ഷണിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

1. ചന്നാർ	24 MW	82.9 Mu
2. മാങ്കുളം	40 MW	82 Mu
3. ലാന്ദ്രും	3.5 MW	12.13 Mu
4. മാർമല	7 MW	23.02 Mu
5. പീച്ചാട്	3 MW	7.74 Mu
6. വെസ്റ്റേൺ കല്ലാർ	5 MW	14.3 Mu
7. ആനക്കയം	7.5 MW	22.83 Mu
8. വടക്കേപ്പുഴ എക്സ്റ്റൻഷൻ സ്കീം	...	0.7 Mu
9. പഴശ്ശിസാഗർ	7.5 MW	25.18 Mu
10. ഓലിക്കൽ	5 MW	10.26 Mu
11. പൂവാരംതോട്	3 MW	5.88 Mu
12. ചെമ്പുകടവ് III	7.5 MW	17.715 Mu
13. മാരിപ്പുഴ	6 MW	15.31 Mu
14. വാലൻ തോട്	7.5 MW	15.291 Mu
15. പെരുവണ്ണാമൂഴി	6 MW	24.70 Mu

ഉയർന്ന ശേഷിയുള്ള താപനിലയം സംസ്ഥാനത്തിനകത്തോ ഇന്ധന ലഭ്യതയുള്ള പ്രദേശത്തോ സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യത പരിശോധിച്ചുവരുന്നു.

(ബി) മേൽ പറഞ്ഞവയിൽ പെരുവണ്ണാമൂഴി പദ്ധതിയുടെ ദർഘാസ് 30-9-2016-ന് ക്ഷണിച്ചിട്ടുണ്ട്. മേൽ ജലവൈദ്യുത പദ്ധതികളുടെയെല്ലാം നിർമ്മാണ പ്രവർത്തനങ്ങൾ ഒരു വർഷത്തിനകം ആരംഭിക്കാൻ നിർദ്ദേശം നല്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly